**സാങ്കേതിക വിദ്യഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്,തിരുവനന്തപുരം**
**2018-19 പോളിടെക്നിക് കോളേജ് പ്രവേശനം**

**എൻ.സി.സി ക്വാട്ട പ്രവേശനം നടപടിക്രമവും സമയക്രമവും**

എൻ.സി.സി ക്വാട്ടയിലേയ്ക്ക് പരിഗണിക്കുന്നതിന് അർഹരായവരുടെ റാങ്ക് ലിസ്റ്റ് വെബ്സൈറ്റിൽ (www/polyadmission.org) പ്രസിദ്ധീകരിച്ചിരിക്കുന്നു.

എൻ.സി.സി യിലെ പ്രവർത്തനങ്ങളെ 500 മാർക്കിൽ വിലയിരുത്തി നൽകുന്ന മാർക്കും. എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷയിലെ മികവിനെ 500 മാർക്കിൽ വിലയിരുത്തി നൽകുന്ന മാർക്കും ചേർത്ത് 1000 ൽ ലഭിക്കുന്ന ആകെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

ഈ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 18.07.2018 നു തിരുവനന്തപുരത്തെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ വച്ച് ഇന്റർവ്യൂ നടത്തുന്നതായിരിക്കും. 9.30 ന് രജിസ്ട്രേഷൻ ആരംഭിക്കുന്നതും 10.30 നു അവസാനിക്കുന്നതുമായിരിക്കും. എൻ.സി.സി ക്വാട്ട റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. യോഗ്യത പരീക്ഷയുടെയും നേറ്റിവിറ്റിയുടെയും (പ്രോസ്പെക്ടസ് ഖണ്ഡിക 9,16,6) അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പും ഹാജരാക്കേണ്ടതാണ്.

എൻ.സി.സി ക്വാട്ടയിലെ സീറ്റുകൾ (പ്രോസ്പെക്ടസ് അനക്സർ VI) റാങ്ക് ലിസ്റ്റിലെ ക്രമത്തിൽ തെരഞ്ഞെടുക്കാവുന്നതാണ്. സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക്ശേഷം അർഹരായവർക്ക് അലോട്ട്മെന്റ് ഓർഡർ നൽകുന്നതാണ്. (എൻ.സി.സി ക്വാട്ടയുള്ള എല്ലാ സ്ഥാപനങ്ങളിലും എൻ.സീ.സി യൂണിറ്റ് ഉണ്ടായിരിക്കണമെന്നില്ല.)

സീറ്റ് ലഭിക്കാതെ പോകുന്നവർക്ക്, ഭാവിയിൽ ഈ ക്വാട്ടയിൽ ഒഴിവുകൾ വന്നാൽ പരിഗണിക്കുന്നതിന് ഓപ്ഷൻ ഫോം പൂരിപ്പിച്ച് നൽകാവുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ചവർ അലോട്ട്മെന്റ് ഓർഡറും, സർട്ടിഫിക്കറ്റുകളും സഹിതം രക്ഷിതാവിനോടൊപ്പം ബന്ധപ്പെട്ട സ്ഥാപനത്തിൽ 21.07.18 നകം ഹാജരായി മതിയായ ഫീസടച്ച് അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ നേടാത്തവരെ 21.07.18 നു ശേഷം ഈ ക്വാട്ടയിൽ പരിഗണിക്കുന്നതല്ല. ഇങ്ങനെ വരുന്ന ഒഴിവുകളിലേയ്ക്ക് സീറ്റ് ലഭിക്കാതെ ഓപ്ഷൻ നൽകി പോയവരെ തെരഞ്ഞെടുക്കുകയും ലിസ്റ്റ് 24.07.18 നു വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതാണ്. പ്രവേശന തീയതി അതോടൊപ്പം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

സീനിയർ ജോയിന്റ് ഡയറക്ടർ (പി.എസ്)